1T Delay Stmt 28/6

# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ: 2226 12/02/2013 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## കേരളത്തിലെ ജയിലുകളിലെ അന്യരാജ്യക്കാരായ തടവുകാർ

ചോദ്യം

ശ്രീ. ഇ. പി. ജയരാജൻ

മറുപടി

ശ്രീ. രമേശ് ചെന്നിത്തല

( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) കേരളത്തിലെ ജയിലുകളിൽ അന്യരാജ്യക്കാരായ എത്ര തടവുകാരുണ്ടെന്നും അവർ ഏതെല്ലാം കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടാണ് തടവുശിക്ഷ അനുഭവിക്കുന്നതെന്നും വ്യക്തമാക്കുമോ ; | (എ) 93 തടവുകാരുണ്ട്.<br>രാജ്യം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br>1) ബംഗ്ളാദേശ് - 59<br>2) പാക്കിസ്ഥാൻ - 14<br>3) നൈജീരിയ - 6<br>4) ഇറാൻ - 5<br>5) മ്യാൻമാർ - 1<br>6) ഇക്വഡോർ - 1<br>7) നേപ്പാൾ - 3<br>8) യെമൻ - 1<br>9) ശ്രീലങ്ക - 2<br>10) സൗദി അറേബ്യ - 1<br>തിരുവനന്തപുരം സെൻട്രൽ ജയിലിൽ ബംഗ്ളാദേശികളായ 17 ശിക്ഷാ പ്രതികളുണ്ട്. അവരിൽ 9 പേർ ബഹുമാനപ്പെട്ട കോട്ടയം അഡീഷണൽ സെഷൻസ് കോടതിയിലെ എസ്.സി. 315/12 എന്ന കേസിലും 8 പേർ ബഹുമാനപ്പെട്ട ചാവക്കാട് ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് കോടതിയുടെ സി.സി.775/12 എന്ന കേസിലും ശിക്ഷിക്കപ്പെട്ടാണ് ജയിലിൽ കഴിഞ്ഞു വരുന്നത്. എറണാകുളം ബോർസ്റ്റൽ സ്ക്കൂളിൽ ബംഗ്ളാദേശികളായ അഞ്ച് |

| | |
|---|---|
| | ശിക്ഷാപ്രതികളുണ്ട്. അവരിൽ ഒരാൾ ബഹു. കോട്ടയം അഡീഷണൽ ഡിസ്ട്രിക്റ്റ് സെഷൻസ് (അഡ്ഹോക്-1) കോടതിയുടെ എസ്.സി. 315/12 എന്ന കേസിലും 4 പേർ ബഹു. ചാവക്കാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലെ സി.സി.775/12 എന്ന കേസിലും ശിക്ഷിക്കപ്പെട്ടാണ് ജയിലിൽ കഴിഞ്ഞു വരുന്നത്. മറ്റു തടവുകാരെല്ലാം വിചാരണ തടവുകാരാണ്. ഫോറിനേഴ്സ് ആക്റ്റ്, പാസ്പോർട്ട് ആക്റ്റ്, മാരിടൈം സോണൽ ഓഫ് ഇന്ത്യ ആക്ട്, ഇൻഡ്യൻ ശിക്ഷാ നിയമം എന്നിവയിലെ പ്രസക്ത വകുപ്പുകൾ പ്രകാരമാണ് അവർ വിചാരണ നേരിടുന്നത്. |
| (ബി) ഇവരിൽ ആരെയെങ്കിലും വിട്ടുകിട്ടണമെന്നാവശ്യപ്പെട്ട് അവരുടെ രാജ്യങ്ങൾ കോടതി മുഖേനയോ കേന്ദ്ര ഗവൺമെന്റ് മുഖേനയോ അപേക്ഷിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ; | (ബി) യും (സി) യും<br>കേരളത്തിലെ ജയിലുകളിൽ കഴിയുന്ന തടവു ശിക്ഷ അനുഭവിക്കുന്നതോ വിചാരണ നേരിടുകയോ ചെയ്യുന്ന അന്യരാജ്യക്കാരെ വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളൊന്നുംതന്നെ ലഭിച്ചിട്ടില്ല. |
| (സി) പ്രസ്തുത അപേക്ഷകൾ പ്രകാരം എത്ര തടവുകാരെ അവരുടെ രാജ്യങ്ങളിലേയ്ക്കയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ